
Parish Bulletin - Mar 15 2020

# St. Mary's Knanaya Catholic Parish

**7800 W. Lyons, Morton Grove, IL. 60053**

*www.smkcparish.us . 847 919 5279*




**Pastor:** Rev. Fr. Thomas Mulavanal
*eMail: mulavan@hotmail.com Ph: 310 709 5111*
***Associate Pastor:*** *Rev. Fr. Bins Chethalil*
*Ph: 281 818 6518*
***Secretary:*** *Rev. Sr.Sylverius SVM Ph: 224 432 3217*

***Trustees:***

*(Coordinator) Sabu Neduveettil Ph: 224 766 0379*
*Jomon Thekkeparambil Ph: 773 895 2361*
*Siny Thomas Nedumthuruthil Ph: 847 630 5738*
*Sunny Meledam Ph: 773 550 1995*
*Chris Kattapuram (Youth rep) Ph: 224 616 8473*

*Parish Bulletin Prepared by P.R.O at St. Mary's Knanaya Catholic Parish, Morton Grove, IL*

## HOLY MASS SCHEDULE

**SUNDAY**

07:45am Holy Mass in Malayalam
10:00am Holy Mass in Malayalam
11:45am Holy Mass in English
05:30pm Holy Mass in Malayalam

**MONDAY — THURSDAY**

07:00pm Holy Mass in Malayalam
08:30am Holy Mass in English

**TUESDAY**

After Mass Novena to St. Anthony

**THURSDAY**

After Mass Novena to St. Jude


**FRIDAY**

06:00pm Holy Mass in Malayalam
08:30am Holy Mass in English

**SATURDAY**

10:00am Holy Mass in Malayalam followed by Novena to Our Lady of Perpetual Help




ഇന്ന് ലോകം മുഴുവൻ പടർന്ന് പിടിക്കുന്ന കൊറോണ വൈറസിനെ നമ്മൾ അതീവ ഗൗരവത്തോടെ കാണണം . അതേ സമയം പരിഭ്രാന്തരാകേണ്ട . എന്നാൽ വളരെയധികം ജാഗ്രത പാലിക്കേണ്ടതുണ്ട് . ഈ വൈറസ് ഫ്ളൂ വൈറസ് പോലെ ആരോഗ്യമുള്ളവർക്ക് ബാധിച്ചാൽ വലിയ പ്രശ്നങ്ങൾ ഇല്ലാതെ കടന്ന് പോകും . എന്നാൽ പ്രായമാർക്കും , മറ്റ് അസുഖകങ്ങൾക്ക് ചികിത്സയിൽ കഴിക്കുന്നവർക്കും ബാധിച്ചാൽ പെട്ടന്ന് മാറുവാൻ പ്രയാസമാണ് കൂടുതൽ പുതിയ case . കൾ പെട്ടെന്ന് ഉണ്ടായാൽ അവരെയെല്ലാം hopitalize ചെയ്യാനോ അവർക്ക് ആവശ്യമായ ചികിത്സകൾ കൊടുക്കുവാനോ ഉള്ള സാഹചര്യം നമ്മുടെ മെഡിക്കൽ fieldൽ ഇല്ല . അതിനു പുറമേ മറ്റ് അസുഖങ്ങൾ ഉള്ള വരെയും ചികിത്സിക്കണം . അതുകൊണ്ടാണ് സർക്കാർ ദേശീയ അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. എല്ലാ പ്രദേശങ്ങളും അടച്ചുപൂട്ടുക. വൈറസിന്റെ വ്യാപനം കുറയ്ക്കുന്നതിലൂടെ, ആശുപത്രി സംവിധാനത്തിന്റെ ഭാരം കുറയ്ക്കാൻ ഇത് സഹായിക്കും. അതുവഴി മെഡിക്കൽ മേഖലയിലുള്ള ജീവനക്കാരെ നിലനിർത്തിക്കൊണ്ട് രോഗം മൂർച്ഛിച്ച തോതിലുള്ളവറക്ക് അർഹമായ ചികിത്സ കൊടുക്കാനും കഴിയും . ഇറ്റലിയിൽ ധാരാളം കേസുകൾ ഒരേസമയം സംഭവിക്കുന്നതിനാൽ, ആശുപത്രിയിൽ പ്രവേശിക്കാൻ കഴിയാതെ. വേണ്ട ചികിത്സ സമയത്ത് കൊടുക്കുവാൻ പറ്റാതെ വരുന്നതാണ് അവിടുത്തെ ദുരന്തത്തിന് കാരണം .

അതിനാൽ നമ്മൾ ഓരോരുത്തരുടെയും ഉത്തരവാദിത്വം ഇത് നമ്മുക്ക് വരാതിരിക്കുന്നത് നോക്കുന്നതിനോടാപ്പം എങ്ങനെ ഇത് സമൂഹത്തിൽ വ്യാപിക്കുന്നതിനെ തടയുക എന്നതു മാത്രമാണ് : ഇവിടെ വൈറസിനെ തടയുവാൻ നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ സാമൂഹ കൂട്ടായ്മയിൽ അകലം പാലിക്കുക, മറ്റുള്ളവരുമായുള്ള ശാരീരിക സ്പർശനം(ആലിംഗനം ,ഹസ്തദാനം )മുതലായവ ഒഴിവാക്കുക. ശുചിത്വം പാലിക്കുക. അങ്ങനെ സമൂഹത്തിൽ പടർന്നുകയറിയ ഈ വൈറസിനെ നമുക്ക് അകറ്റി നിർത്തുവാൻ സാധിക്കും.

ഡോ. എമിലി ചാക്കോ പൂവത്തിങ്കൽ

**നോമ്പുകാലം നാലാം ഞായർ / Fourth Sunday of Lent**

| Mar 15 | PASSAGE | 10:00 AM Mass | 11:45 AM Mass |
|---|---|---|---|
| 1st Reading | Gen 11: 1-9 | Reena Naduveettil | |
| 2nd Reading | Rom 8:12-17 | Annamma Thekkeparambil | |
| Gospel | Mt 21:33-44 | | |

**Dear St. Mary's Religious Education Families,**

We understand that you are very concerned about the health and welfare of your children and your families; we are too!

As per the decision of the last parish council meeting, Religious Education classes will be cancelled until further notice. Please take this time to strengthen your faith formation at home. We encourage you to review and study prayers with your children at home, read bible passages, write reflections on bible passages, and/or to review previously taught chapters in your Religious Education books. If there are any questions, you can contact the CCD teachers at anytime. The teachers will be available to answer any of your questions. Also, if you would like to receive any spiritual resources such as books and/or guidance, please contact church executives and/or priests/sisters.

During this time, please encourage students to do the home-based activities for the church's 10th year anniversary souvenir, such as, the cover page contest, essay completions, and/or title contest. For more information regarding these contests, please contact souvenir committee.

Please pray for those affected by this virus. We will continue to monitor the situation to take further precautions, if necessary. Stay safe and health.

## വനിതാദിനത്തിൽ മുതിർന്ന വനിതകളെ ആദരിച്ചു



അഖില ലോക വനിതാ ദിനമായ മാർച്ച് 8 ഞായറാഴ്ച ചിക്കാഗോ സെന്റ് മേരീസ് ക്നാനായ കത്തോലിക്കാ ദൈവാലയത്തിന്റെ ദശവത്സരത്തലോഷത്തോട് അനുബന്ധിച്ച് നടത്തപ്പെട്ട വനിതാദിനാലോഷത്തിൽ ഇടവകയിലെ ഏറ്റവും മുതിർന്ന വനിതകളെ അലങ്കാര തലപ്പാവ് അണിയിച്ച് ആദരിച്ചു. ചടങ്ങിൽ പങ്കെടുത്ത എല്ലാ വനിതകൾക്കും പ്രത്യേക സമ്മാനങ്ങളും വിതരണം ചെയ്തു. പാരീഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.

## "ഉണ്ണിക്കൊരു ഊണ് " സഹായനിധി വിതരണം ചെയ്തു





മോർട്ടൻ ഗ്രോവ് സെന്റ് മേരീസ് ക്നാനായ ദേവാലയത്തിലെ മതബോധന സ്കൂളിന്റെ ആഭിമുഖ്യത്തിൽ "ഉണ്ണിക്കൊരു ഊണ് " പദ്ധതിക്കുവേണ്ടി കുട്ടികൾ സ്വരൂപിച്ച ഒന്നരലക്ഷം രൂപ കേരളത്തിലെ സഹായം അർഹിക്കുന്ന വിവിധ അഗതിമന്ദിരങ്ങളിലെ സഹോദരങ്ങൾക്ക് വിതരണം ചെയ്തു . പ്രളയ ദുരിതം അനുഭവിച്ച കുടുംബങ്ങൾക്ക് ആട് വിതരണം , വരൾച്ച നേരിട്ട പ്രദേശങ്ങളിൽ കുടിവെള്ള വിതരണം എന്നീ വിജയകരമായ പദ്ധതികൾക്ക് ശേഷമാണ് ക്രിസ്തുമസ് കാലത്തു അഗതിമന്ദിരങ്ങളിൽ സഹോദരങ്ങൾക്ക് ഭക്ഷണം നല്കുന്നതിനുവേണ്ടി ഉണ്ണിക്കൊരു ഊണ് പദ്ധതി നടപ്പിലാക്കിയത് . ക്രിസ്തുമസ് കാലത്തു അനാവശ്യ ചിലവുകൾ ഒഴിവാക്കിയാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുവേണ്ടി കുട്ടികൾ  പണം സ്വരൂപിച്ചത് . കോട്ടയത്തുള്ള നവജീവൻ ട്രസ്റ്റ് , പടമുഖത്തുള്ള സ്നേഹമന്ദിരം എന്നിവടങ്ങളിലാണ് സഹായങ്ങൾ വിതരണം ചെയ്തത് . ഇടവക വികാരി ഫാ . തോമസ് മുളവനാൽ, അസിസ്റ്റന്റ് വികാരി ഫാ . ബിൻസ് ചേത്തലിൽ എന്നിവർ അഗതിമന്ദിരങ്ങളിൽ നേരിട്ടെത്തിയാണ് സഹായങ്ങൾ വിതരണം ചെയ്തത് . അനാവശ്യ ചിലവുകൾ ഒഴിവാക്കി , പണം സ്വരൂപിച്ച് , ചാരിറ്റി പ്രവർത്തനങ്ങൾ നടത്തുന്ന മതബോധന സ്കൂളിലെ കുട്ടികളുടെ വിശാലമനസ്കതയെ ഇടവക വികാരിമാർ അഭിനന്ദിച്ചു .കൈക്കാരൻമാരും അധ്യാപകരും സിസ്റ്റേഴ്സും പദ്ധതിക്കുവേണ്ടി പണം സ്വരൂപിക്കുവാൻ നേതൃത്വം നൽകി

## തയ്യൽ മെഷീൻ വിതരണ പദ്ധതിയുടെ ഫണ്ട് കൈമാറി




ചിക്കാഗോ സെൻറ് മേരിസ് ക്നാനായ കത്തോലിക്ക ദേവാലയത്തിലെ ദശവത്സര വനിതാദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിലെ 101 വനിതകൾക്കായി ഏർപ്പെടുത്തുന്ന സ്വയം തൊഴിൽസംരംഭത്തിന് സഹായമായി തയ്യൽ മെഷീനും പരിശീലനവും നല്കുന്നതിന് ആവശ്യമായ ഫണ്ട് കൈമാറി . ഈ പദ്ധതിക്ക് ഇടവകയിലെ ലീജിയൺ ഓഫ് മേരി , പ്രയർ ഗ്രൂപ്പ് , വിമൺസ് മിനിസ്ട്രി തുടങ്ങിയ കൂട്ടായ്മകളുടെ കീഴിലുള്ള എല്ലാവനിതകളുടെയും സഹകരണത്തോടെയാണ് നടപ്പിലാക്കുന്നത് . ഇതിന്റെ ഉദ്ഘാടനകർമ്മം മാർച്ച് 8 തിയതി ഞായറാഴ്ച ദശവത്സര സാമൂഹ്യ പ്രവർത്തന സംരംഭങ്ങളുടെ കോർഡിനേറ്റർമാരായ ജോസ് പിണർക്കയിൽ ,ഫ്രാൻസിസ്സ് കിഴക്കേക്കുറ്റ് , ബിനി തെക്കനാട്ട് , ജൂലി കൊരട്ടിയിൽ എന്നിവരുടെ സാന്നിധ്യത്തിൽ അസിസ്റ്റന്റ് വികാരി ഫാ: ബിൻസ് ചേത്തലിൽ നിർവ്വഹിച്ചു. പാരീഷ് എക്സിക്യൂട്ടീവ് അംഗങ്ങൾ പരിപാടിയുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് വേണ്ട ക്രമീകരണങ്ങൾ ഒരുക്കി.

## പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുത്തവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു



ചിക്കാഗോ സെന്റെ തോമസ് രൂപതയുടെ കീഴിലുള്ള ക്നാനായ റീജിയന്റെ ആഭിമുഖ്യത്തിൽ മാർച്ച് ആറു മുതൽ എട്ടുവരെ ചിക്കാഗോ സെൻറ് മേരീസ് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ വച്ച് നടന്ന പ്രീ മാര്യേജ് കോഴ്സിൽ പങ്കെടുത്തവർക്ക് കോഴ്സ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. ക്നാനായ റീജിയണിലെ ഫാമിലി കമ്മീഷനാണ് ഈ ത്രിദിന കോഴ്സിന് നേതൃത്വം നൽകിയത്. കാനഡ, ഓസ്‌ട്രേലിയ, വടക്കേ അമേരിക്ക എന്നിവിടങ്ങളിൽ നിന്നുമായി 34 യുവജനങ്ങൾ പങ്കെടുത്ത ഈ കോഴ്സിൽ വിവാഹിതരാവാൻ പോകുന്ന യുവതിയുവാക്കൾ അറിഞ്ഞിരിക്കേണ്ട വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നടത്തപ്പെട്ടു. ആദ്യമായി വിവാഹ ജീവിതത്തിലേക്ക് പ്രവേശിക്കാൻ തയ്യാറെടുക്കുന്ന തങ്ങൾക്ക് ഈ കോഴ്സ് ഏറെ സഹായകരമായിരുന്നു എന്ന് കോഴ്സിൽ പങ്കെടുത്ത യുവജനങ്ങൾ അഭിപ്രായപ്പെട്ടു. ഫാദർ തോമസ് മുളവനാൽ, ഫാദർ എബ്രഹാം മുത്തോലത്ത്, ഫാദർ പോൾ ചൂരത്തൊട്ടിയിൽ, ഡോക്ടർ അജിമോൾ പുത്തൻപുരയിൽ, തോമസ് മ്യാലിൽ, ആൻസി ചേലക്കൽ, ജീൻസ്& ഷീന പുത്തൻപുരയിൽ, ടോം മൂലയിൽ, തമ്പി & ഷൈനി വിരുത്തികുളങ്ങര, ടോണി പുല്ലാപ്പള്ളി, ബെന്നി കാഞ്ഞിരപ്പാറ, ജെയ കുളങ്ങര തുടങ്ങിവർ ക്ലാസ്സുകൾ കൈകാര്യം ചെയ്തു. നാട്ടിലോ വിദേശത്തോ വിവാഹിതരാവാൻ ഉദ്ദേശിക്കുന്ന എല്ലാ ക്രൈസ്തവ യുവാക്കളും ഇത്തരം കോഴ്സുകളിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കണം എന്ന് ക്നാനായ റീജിയൺ ഡയറക്ടർ മോൺ.തോമസ് മുളവനാൽ അറിയിച്ചു. ക്നാനായ റീജിയണിലെ അടുത്ത പ്രീ മാര്യേജ് കോഴ്സ് ഏപ്രിൽ മാസത്തിൽ ന്യൂയോർക്കിലും, ഒക്ടോബറിൽ ചിക്കാഗോയിലും, ഡിസംബറിൽ കാലിഫോർണിയയിലും വച്ച് നടത്തുമെന്നും ഇതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ അറിയുവാൻ +1 (630) 205-5078 എന്ന നമ്പറിൽ ബന്ധപ്പെടണമെന്ന് ഫാമിലി കമ്മീഷൺ ചെയർമാൻ ശ്രീ.ടോണി പുല്ലാപ്പള്ളി അറിയിച്ചു.


ST.MARY'S KNANAYA CATHOLIC CHURCH-CHICAGO, MORTON GROVE
Youth Ministry & KCYL
Career Day participants




Chicago St Mary's Church
KCYL & YOUTH MINISTRY
CAREER DAY
SATURDAY, MARCH 7
Today
THE LINEUP




Career Day Programme







# Chicago St Mary's CCD Women's day Celebration



















## ചിക്കാഗോ സെന്റ് മേരീസിൽ വനിതാദിനം ആചരിച്ചു







ചിക്കാഗോ: മാർച്ച് 8 ഞായറാഴ്ച അഖില ലോക വനിതാ ദിനത്തോടനുബന്ധിച്ച് ചിക്കാഗോ സെന്റ് മേരീസ് ക്നാനായ ഇടവകയിലെ വനിത ദിനമത്സരങ്ങൾ പുതുമനിറഞ്ഞതായിരുന്നു .പുതിയ തലമുറയ്ക്ക് പഴയ തലമുറയുടെ നന്മയുടെ സന്ദേശം പകരുന്ന ഗ്രാമീണ തനിമയോടെ കുടാരയോഗതലത്തിൽ നടത്തിയ മത്സര ഇനങ്ങളായ  മുറ്റം അടി മത്സരവും, വിറക് ഓട്ടവും  ഏവരിലും പുത്തൻ അനുഭവം സൃഷ്ടിച്ചു. ഏവരുടെയും സജീവമായ പങ്കാളിത്തം കൊണ്ട് പഴമയുടെ നന്മ വനിതാദിനത്തിൽ ഏറെ പ്രഘോഷിക്കപ്പെട്ടു.





















## ST. MARYS KNANAYA CATHOLIC PARISH

**10th Anniversary - Souvenir Cover Page Design Contest**

**Rules and Requirements:**

Be as creative as you can to design the best cover page using the theme

"സഭാ സാമുദായിക വഴികളിലൂടെ ദശാബ്ദിയുടെ നിറവിൽ സയിന്റ് മരേീസ് ക്നാനായ കത്തോലിക്കാ ദേവാലയം"

St. Mary's Knanaya Catholic Church celebrates 10 th anniversary by embracing catholic faith and knanaya heritage)

Use images with high resolution (above 300 DPI) also the entire design must be in high resolution.

The size of the design must be 21x 28cm (portrait).

ClipArt or pre made templates cannot be used in the design.

Designs can be created on Adobe Illustrator, Adobe InDesign, Adobe Photoshop Coral Draw or any other similar applications.

Submitted designs must be copyright free and no plagiarism. Unauthorized use of any images or designs will not be tolerated.

Submit your entries in JPEG/PDF format to email: souvinercoverpage @gmail.com with your full name and contact number.

Deadline to submit your entry is April 15 th, 2020.

A contestant can submit a maximum of 3 cover page designs and there is no age limit for participation.

The winning contestant will be awarded during 10 th year Anniversary celebrations closing ceremony.

Any questions or concerns please contact
Souvenir Committee members: Linson Kaithamala @ 847 338 0965
Jojo Analil @ 773 895 3023

ചിക്കാഗോ

സെന്റ് മേരീസ് ക്നാനായ ചർച്ച്

ദശവത്സര നിറവിൽ

കൂടാരയോഗങ്ങളുടെ
നേതൃത്വത്തിൽ

# ഇടവകോത്സവ്

മെയ് 9 ശനിയാഴ്ച
10am മുതൽ 7pm വരെ